73 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷാ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാനതല സമിതിയും വകുപ്പുതലവന്റെ അദ്ധ്യക്ഷതയിലുള്ള വകുപ്പുതല സമിതിയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല സമിതിയും തഹസിൽദാരുടെ അദ്ധ്യക്ഷതയിലുള്ള താലൂക്കുതല സമിതിയും പ്രവർത്തിച്ചു വരുന്നു. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിൽക്കൂടി ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പുതല പദകോശം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സർക്കാർ വെബ് സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കുന്നതിനും മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് ദ്വിദിന ഭരണഭാഷാ പരിശീലനവും നൽകിവരുന്നുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

സെക്രട്ടറിയേറ്റിലെ ഹാജർനില

28 (6174) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബയോമെട്രിക് സംവിധാനം സ്ഥാപിച്ചതിനുശേഷം സെക്രട്ടേറിയറ്റിൽ ജീവനക്കാർ കൃത്യസമയത്ത് ഹാജരാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) കൃത്യസമയത്ത് ഹാജരാകുന്നതിൽ വീഴ്ചവരുത്തിയ ജീവനക്കാർക്കെതിരെ ഈ സർക്കാർ അധികാരമേറ്റതിനുശേഷം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ബയോമെട്രിക് സംവിധാനം സ്ഥാപിച്ചതിനുശേഷം സെക്രട്ടേറിയറ്റിലെ ജീവനക്കാർ കൃത്യസമയത്ത് ഹാജരാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സെക്രട്ടേറിതലത്തിലും ചീഫ് സെക്രട്ടറിതലത്തിലും അവലോകനയോഗങ്ങൾ നടത്താറുണ്ട്. കൃത്യത ഉറപ്പുവരുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ജീവനക്കാർക്ക് യഥാസമയം നൽകുന്നുമുണ്ട്.

(ബി) കൃത്യസമയത്ത് ജോലിക്ക് ഹാജരാകുന്നതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പിലെ അസിസ്റ്റന്റായിരുന്ന ശ്രീമതി ആശാ സൂസൻ ജേക്കബിനെ സസ്പെന്റ് ചെയ്തിട്ടുണ്ട് ലിഫ്റ്റ് ഓപ്പറേറ്ററായ ശ്രീ. ജോസഫ് പയസിനെതിരെ അച്ചടക്ക നടപടി

LIBRARY ARCHIVES Kerala Legislative Assembly

തുടർന്നുവരുന്നുണ്ട്. ലിഫ്റ്റ് ഓപ്പറേറ്ററായ ശ്രീ. ബി. മോഹനകുമാറിനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. ലിഫ്റ്റ് ഓപ്പറേറ്ററായ ശ്രീ. ബി. സുരേന്ദ്രനാഥിന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. അറ്റൻഡർമാരായ ശ്രീ. മനോജ്. സി.എസ്., ശ്രീ. ഇർഷാദ്,വൈ., എന്നിവരുടെ സസ്പെഷൻ പിൻവലിച്ച് സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. 2008 മുതൽ ജോലിക്ക് ഹാജരാകാതിരുന്ന അറ്റൻഡറായ ശ്രീ. കെ. ചന്ദ്രബാബുവിനെ 24-5-2014-ൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു. സസ്പെൻഷനിലായിരുന്ന സെക്യൂരിറ്റി ഗാർഡായ ശ്രീ. കെ. ഷാനവാസിനെ 25-1-2014-ന് സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട്.

മന്ത്രിമാരുടെ വിദേശപര്യടനം സംബന്ധിച്ച വിശദാംശങ്ങൾ

29 (6175) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ, മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ നടത്തിയ ഔദ്യോഗികവും അനൗദ്യോഗികവുമായ വിദേശയാത്രകൾ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ മന്ത്രിയും ചീഫ് വിപ്പും വിവിധ ഘട്ടങ്ങളിലായി നടത്തിയ ആദ്യാവസാനംവരെയുള്ള യാത്രാപരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഏതെങ്കിലും ഔദ്യോഗിക വിദേശയാത്രാപരിപാടിയിൽ ഏതെങ്കിലും മന്ത്രി യാത്രാവേളയിൽ മാറ്റം വരുത്തിക്കൊണ്ട് മറ്റേതെങ്കിലും സ്ഥലംകൂടി സന്ദർശിക്കുകയുണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* അന്തിമ മറുപടി ശേഖരിച്ചു നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ആശ്രിത നിയമനത്തിനുള്ള വരുമാന പരിധി

30 (6176) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നോൺ ക്രീമിലെയർ വരുമാനപരിധിയായി നിശ്ചയിച്ചിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക നിശ്ചയിച്ച് ഉത്തരവിറങ്ങിയത് എന്നാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പരിധിക്ക് ആനുപാതികമായി ആശ്രിത നിയമനത്തിന് പരിഗണിക്കുന്നതിനുള്ള വരുമാനപരിധി ഉയർത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly